## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5352

28/07/2015 -ൽ
മറുപടിയ്ക്ക്

### ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പാക്കിയ പ്രവർത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി മുഖേന സംസ്ഥാനത്ത് എത്ര പ്രവർത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; ജില്ലയും പഞ്ചായത്തും തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ; | (എ) മലയോര വികസന ഏജൻസി നാളിതുവരെ 667 പ്രവർത്തികൾ നടപ്പിലാക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പഴം പച്ചക്കറി വികസന പദ്ധതികൾ അനുവദിച്ചിരിക്കുന്നത് ബ്ലോക്കു പഞ്ചായത്തുകൾക്കായതിനാൽ അവയുടെ ജില്ലയും ബ്ലോക്കു പഞ്ചായത്തും തിരിച്ചുളള പട്ടിക അനുബന്ധം 1 ആയും ചെക്ക് ഡാം, കുടിവെളള പദ്ധതി, മലയോര റോഡുകളുടെ പുനരുദ്ധാരണം, ആർ ഐ ഡി എഫ് പ്രവർത്തികൾ, കൃഷി വികസന പദ്ധതി, കുളം നവീകരണം, പ്രകൃതി വിഭവ പരിപാലന പദ്ധതി എന്നിവയുടെ ജില്ലയും പഞ്ചായത്തും തിരിച്ചുളള പട്ടിക അനുബന്ധം 2 ആയും കൊടുത്തിരിക്കുന്നു. |
| (ബി) ഹിൽ ഏരിയയിൽപ്പെടുന്ന പല പഞ്ചായത്തുകളെയും മേൽ ഏജൻസിയിൽപ്പെടുത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) മലയോര വികസന ഏജൻസിയുടെ പരിധിയിൽ 561 ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട് എങ്കിലും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 25% പ്രദേശം 800 |

മീററർ കോണ്ടൂരിനു മുകളിൽ ഉയരമുള്ള പഞ്ചായത്തുകൾ അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയുമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് ഈ ഏജൻസിയിൽ ഉള്ളത്; കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗ ണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

(സി) മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെട്ട 561 ഗ്രാമ പഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളായ കല്ലാർ, കൊടംബല്ലൂർ, വെസ്റ്റ് എളേരി, കിനാനൂർ കരിന്തളം, പനത്തടി, ബളാൽ, ഈസ്റ്റ് എളേരി, കയ്യൂർ-ചീമേനി, പീലിക്കോട്, വലിയപറമ്പ, പുല്ലൂർ - പെരിയ, മടിക്കൈ എന്നിവയാണ് ഉൾപ്പെടുന്നത്.

എന്നാൽ കാസർഗോഡ് ജില്ലയിലെ കല്ലാർ, കൊടംബല്ലൂർ, വെസ്റ്റ് എളേരി, കിനാനൂർ കരിന്തളം, പനത്തടി, ബളാൽ, ഈസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമേ മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളു.

മലയോര വികസന ഏജൻസിയുടെ കീഴിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചു വരുന്നു. നിലവിൽ പഞ്ചായത്തിന്റെ 25% പ്രദേശം എങ്കിലും 800 മീററർ കോണ്ടൂരിനു മുകളിൽ ഉയരമുള്ളതോ അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ 153 ഗ്രാമ പഞ്ചായത്തുകളെയും നിലമ്പൂർ, കൽപ്പറ്റ എന്നീ രണ്ട് മുനിസിപ്പാലിറ്റികളെയുമാണ് മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഫണ്ടുകൾ കൂടുതൽ ലഭിക്കുന്ന മുറയ്ക്കും മലയോര വികസന ഏജൻസിയുടെ ചെയർമാന്റെയും ഗവേണിംഗ് ബോഡിയുടെയും തീരുമാനമനുസരിച്ചും കൂടുതൽ പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുന്നതാണ്.

Biju mon

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്